AKPCTA

# kerala private college teacher

No. 81 & 82

August, September '88

# അറിയിപ്പുകൾ

ബ്രാഞ്ച് സെക്രട്ടറിമാരുടെ അടിയന്തിര ശ്രദ്ധയ്ക്ക്

## മെമ്പർഷിപ്പ്

1988-89 വർഷത്തെ എ.കെ.പി.സി.ടി.എ. അംഗത്വം പുതുക്കുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനുമുള്ള സമയമാണിപ്പോൾ. ഇതിനുള്ള പ്രവർത്തനം ഓരോ ബ്രാഞ്ചിലും ഊർജ്ജിതമായി നടക്കണം. മെമ്പർഷിപ്പ് ഫീസ് ഓരോ അംഗത്തിൽ നിന്നും Rs.30/-(പുതിയ അംഗങ്ങളിൽ നിന്നും Rs 31/-) വച്ച് കളക്ട് ചെയ്ത് അംഗങ്ങളുടെ ലിസ്ററോടു കൂടി ഉടൻ തന്നെ ട്രഷറർക്ക് അയക്കുന്ന കാര്യം ബ്രാഞ്ച് സെക്രട്ടറിമാർ ശ്രദ്ധിക്കുക.

## ജേർണൽ വരിസംഖ്യ

1988 ജൂൺ ലക്കത്തോടെ ജേർണലിന്റെ കഴിഞ്ഞ വർഷത്തെ വരിസംഖ്യയുടെ കാലാവധി തീർന്നിരിക്കയാണ്. ഇനിയും വരിസംഖ്യ പുതുക്കുകയും പുതിയ വരിക്കാരെ ചേർക്കുകയും വേണം. അച്ചടിക്കൂലിയിലും മററുമുണ്ടായിട്ടുള്ള വർദ്ധിച്ച ചെലവ് കാരണം വാർഷിക വരിസംഖ്യയിൽ നേരിയ വർദ്ധന വരുത്താൻ വർക്കിംഗ് കമ്മിററി നിർബന്ധിതമായി. ഈ വർഷം മുതൽ വാർഷിക വരിസംഖ്യ 12 രൂപയാണ്. വരിസംഖ്യയും വരിക്കാരുടെ അഡ്രസ്സും മാനേജിംഗ് എഡിറററുടെ പേർക്ക് അയയ്ക്കുക.

## വെൽഫേർ ട്രസ്ററ്

ഈ വർഷം പുതുതായി 500-ൽ കുറയാതെ അംഗങ്ങളെ വെൽഫേർ ട്രസ്ററിൽ ചേർക്കേണ്ടതാണ്. ബ്രാഞ്ച് സെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പൂരിപ്പിച്ച ഫോറവും തുകയും ജനറൽ സെക്രട്ടറിയുടെ പേർക്ക് അയയ്ക്കുക.

## ഡ്രാഫ്ററുകൾ അയയ്ക്കുക

മെമ്പർഷിപ്പ് തുക ട്രഷറർക്കും വെൽഫേർട്രസ്ററ് തുക ജന: സെക്രട്ടറിയ്ക്കും ജേർണൽ വരിസംഖ്യ മാനേജിംഗ് എഡിറററർക്കും ഡ്രാഫ്ററ് ആയോ മണി ഓർഡർ ആയോ മാത്രം അയയ്ക്കുക.

## അഡ്രസ്സുകൾ

*Gen: Secretary*
Prof. P. Narendran
State Committee Office
T. C. 28/406,
Trivandrum-1

*Treasurer*
Prof. S. Viswanathan
T. C. 15/337
Santhi Bhavan
Vellayambalam
Trivandrum-10

*Managing Editor*
Prof. K. P. Divakaran Nair
T. C. 3/1206
Kesavadasapuram
Trivandrum-4


പത്രാധിപസമിതി

ചെയർമാൻ ബി. നാരായണൻകുട്ടി, ചീഫ് എഡിററർ കെ. സുകുമാരൻ നായർ, മാനേജിംഗ് എഡിററർ കെ. പി. ദിവാകരൻ നായർ

അംഗങ്ങൾ

പി. നരേന്ദ്രൻ, എസ്. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ, വി. എൻ. മുരളി, നെല്ലിക്കൽ മുരളി, എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമ്മൾ, ഡോ. എ. റസലുദീൻ, കവടിയാർ രാമചന്ദ്രൻ, തോമസ് ജോർജ്, ചന്ദ്രബാബു

# അക്രഡിറ്റേഷൻ ആൻറ് അസസ്സ്മെൻറ് കൗൺസിൽ

അക്രഡിറ്റേഷൻ ആൻറ് അസസ്സ്മെൻറ് കൗൺസിൽ രൂപീകരിക്കാനായി യു. ജി. സി. നിയമിച്ച കമ്മിറ്റി തയ്യാറാക്കിയ 'കൺസപ്റ്റ് പേപ്പർ' ഇൻഡ്യയിലെ ഉന്നത വിദ്യാഭ്യാസത്തിൻെറ ഭാവിയിൽ താത്പര്യമുള്ളവരെല്ലാം വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിനു മാത്രം ലഭിക്കുന്നതിനുള്ള പദ്ധതികൾ നിർദ്ദേശിക്കുന്ന 'ന്യൂ എഡ്യൂക്കേഷൻ പോളിസി' തന്നെയാണ് ഇതിൻെറയും അടിസ്ഥാന പ്രമാണം. രാജ്യത്തെ ജനാധിപത്യ സംവിധാനത്തെ ഏതു നിമിഷവും ഇല്ലാതാക്കുന്നതിനുപയോഗിക്കാവുന്ന കൂടുതൽ കൂടുതൽ കരിനിയമ നിർമ്മാണങ്ങൾ കേന്ദ്ര ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കയാണ്. ഇന്ത്യയൊട്ടാകെയോ, ഒരു സംസ്ഥാനത്തോ, ഒരു പ്രദേശത്തോ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിനും തെരഞ്ഞെടുപ്പ് നടത്താനുള്ള അധികാരം മൂന്നു കൊല്ലത്തേക്ക് തെരഞ്ഞെടുപ്പ് കമ്മീഷന് നഷ്ടപ്പെടുത്തുന്നതുമായ 59-ാം ഭരണഘടനാ ഭേദഗതി നിലിൽ വന്നു കഴിഞ്ഞു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാരുടെ ജനാധിപത്യാവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനായി കൊണ്ടുവരുന്ന 'ഹോസ്പിറ്റൽ ആൻറ് അദർ ഇൻസ്റ്റിറ്റ്യൂഷൻസ് ബിൽ' രാജ്യസഭയിൽ പാസ്സാക്കിയിരിക്കുന്നു. കൂട്ടായി വിലപേശാനുള്ള അധ്യാപകരുടെയും ജീവനക്കാരുടെയും അവകാശം ഇല്ലാതാക്കുന്ന ഈ ബിൽ സസ്പെൻഷൻ, പിരിച്ചുവിടൽ തുടങ്ങിയ ശിക്ഷണ നടപടികളെ 'വ്യക്തിപരമായ തർക്കം' എന്ന നിർവ്വചനം നൽകി സംഘടനയുടെ ഇടപെടലിൽ നിന്നൊഴിവാക്കിയിരിക്കയാണ്. ഇത്തരത്തിലുള്ള കിരാതനിയമങ്ങളുടെ പശ്ചാത്തലത്തിലാണ് യു. ജി. സി. അക്രഡിറ്റേഷൻ കൗൺസിലുമായി രംഗപ്രവേശം ചെയ്തിരിക്കുന്നത്.

## എന്താണ് അക്രഡിറ്റേഷൻ കൗൺസിൽ

യു. ജി. സി. തിരഞ്ഞെടുക്കുന്ന ഇരുപത് ഓട്ടോണമസ് കോളേജുകളിലെ പ്രിൻസിപ്പൽമാർ നാമനിർദ്ദേശം ചെയ്യുന്നവരാണ് തുടക്കത്തിൽ അക്രഡിറ്റേഷൻ കൗൺസിലിൽ ഉണ്ടായിരിക്കുക. അങ്ങിനെ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരായിരിക്കും പതിനാറംഗ അക്രഡിറ്റേഷൻ കമ്മീഷനെ തെരഞ്ഞെടുക്കുന്നത്. ഈ പ്രക്രിയയിൽ അധ്യാപകർക്ക് ജനാധിപത്യപരമായ യാതൊരു പങ്കുമില്ല ഇതിൻെറ നിയമങ്ങൾ യു.ജി.സി.യുടെ അനുമതിയോടെ വേണം നിശ്ചയിക്കേണ്ടത്. ഈ കൗൺസിൽ അക്രഡിറ്റേഷൻനൽകുന്ന കോളേജുകൾക്കു മാത്രമേ കേന്ദ്ര ഗവൺമെൻറിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കൂ. ഓട്ടോണമസ് സ്വഭാവവും സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കാൻ കഴിവും ഉള്ള കോളേജുകൾക്കു മാത്രമേ അക്രഡിറ്റേഷന്

അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കൂ. അക്രഡിറേറഷൻ നൽകാതിരിക്കാനും നൽകിയ അക്രഡിറേറഷൻ ഏതു സമയവും പിൻവലിക്കാനുമുള്ള അധികാരം കൗൺസിലിനുണ്ടായിരിക്കും.

യൂണിവേഴ്സിററികൾ അക്രഡിറേറഷന് അർഹമാകണമെങ്കിൽ അവയോട് അഫിലിയേററ് ചെയ്തിട്ടുള്ള കോളേജുകളുടെ അഫിലിയേഷൻ പിൻവലിക്കണം! അക്രഡിറേറഷൻ ഇല്ലാത്ത യൂണിവേഴ്സിററികൾക്ക് യു. ജി. സി. ധനസഹായം ലഭിക്കുന്നതല്ല.

അക്രഡിറേറഷൻ കൗൺസിൽ രൂപീകൃതമായി അഞ്ചു കൊല്ലത്തിനുള്ളിൽ കോളേജുകൾ ഓട്ടോണമസ് പദവി സ്വീകരിക്കുകയും അക്രഡിറേറഷന് അർഹമാകുകയും ചെയ്തെങ്കിൽ മാത്രമേ യു. ജി.സി.യുടെയും കേന്ദ്ര ഗവൺമെൻറിൻെറയും ധനസഹായം ലഭ്യമാകൂ. ചുരുക്കത്തിൽ സംസ്ഥാന ഗവൺമെൻറുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്ര സാമ്പത്തിക സഹായം ലഭിക്കുകയില്ല. സംസ്ഥാനങ്ങൾസ്വന്തം നിലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിന് സ്വയം പണം കണ്ടെത്തണം. അക്രഡിറേറഷന് വിധേയമാകുന്നതോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്റേററ് ഗവൺമെൻറിൻെറ ചുമതലയിൽ നിന്ന് കേന്ദ്രത്തിൻെറ കീഴിലേക്ക് മാററപ്പെടുന്നു. കേന്ദ്രസംസ്ഥാനബന്ധങ്ങൾ പുനർ നിർണ്ണയം ചെയ്യുന്നതു സംബന്ധിച്ച സർക്കാരിയാ കമ്മീഷൻ റിപ്പോർട്ട് കക്ഷത്തിലിടുക്കിപ്പിടിച്ചുകൊണ്ട് സ്റേററിൻെറ അധികാരങ്ങൾ ഒന്നൊന്നായി കവർന്നെടുക്കുന്നതിൽ കേന്ദ്ര ഗവൺമെൻറ് യാതൊരു സങ്കോചവും കാണിക്കുന്നില്ല. അക്രഡിറേറഷനും അസസ്സ്മെൻറും ഉപയോഗിച്ച് വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള വികേന്ദ്രീകരണവും ജനാധിപത്യവും ഇല്ലാതാക്കാനുള്ള ശ്രമമാണ് യു. ജി. സി. നടത്തുന്നത്.

അക്രഡിറേറഷൻ സമ്പാദിക്കുന്ന ഓട്ടോണമസ് കോളേജുകളുടെ ആവിർഭാവത്തോടെ അഫിലിയേറഡ് കോളേജുകൾ ഇല്ലാതാകും. ഫലമോ? സമൂഹത്തിലെ ധനിക വിഭാഗത്തിനായി ഉന്നത വിദ്യാഭ്യാസംപരിമിതപ്പെടുത്തിക്കൊടുക്കുക. 'ബിഗ് ബിസിനസ്'സുകാരും ജാതിമത സംഘടനകളും ഉന്നത വിദ്യാ കേന്ദ്രങ്ങൾ പൂർണ്ണമായും കൈയടക്കും. അവർക്ക് ആവശ്യമുള്ള 'പേർസനൽസ്' നെ ഉത്പാദിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളായിരിക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. താഴ്ന്ന വരുമാനക്കാർക്കും ഇടത്തരക്കാർക്കും ഉന്നത വിദ്യാഭ്യാസം ഒരപ്രാപ്യമേഖലയായിരിക്കും. സർവ്വകലാശാലകളുടെ "കമാണ്ട്-ആൻറ-കൺട്രോൾ" അക്കാദമിക് ജനാധിപത്യത്തിന് തടസ്സമാകുന്നു എന്നാണ് കൺസപ്ററ് പേപ്പറിൽ പറയുന്നത്. തെരഞ്ഞെടുക്കപ്പെട്ട സമിതികൾ ഒഴിവാക്കിയെങ്കിലേ മഹാത്മാഗാന്ധി യൂണിവേഴ്സിററിക്ക് അംഗീകാരം കൊടുക്കൂ എന്ന് വാശിപിടിച്ച യു.ജി.സി. യാണ് ഇത് നിർദ്ദേശിക്കുന്നത്. കോളേജുകളെ നിയന്ത്രിക്കുന്ന സർവ്വകലാശാലകളുടെ അധികാരം ഉൾപ്പെടെയുള്ള എല്ലാ നിയന്ത്രണാവകാശങ്ങളും യു.ജി.സി. കൈയ്യടക്കുന്നു.

ചുരുക്കത്തിൽ, ഇന്ത്യൻ ജനത ഇന്ന് പൊതുവിലനുഭവിക്കുന്ന എല്ലാ വിദ്യാഭ്യാസ സൗകര്യങ്ങളും ഇല്ലായ്മ ചെയ്യുകയോ, പരിമിതപ്പെടുത്തുകയോ ചെയ്യുന്നതാണ് 'കൺസപ്ററ് പേപ്പറി'ലെ നിർദ്ദേശങ്ങൾ. ഭരണഘടന വിഭാവനം ചെയ്യുന്ന സോഷ്യലിസ്ററ് സാമൂഹ്യലക്ഷ്യങ്ങൾക്ക് ഇവ എതിരു നിൽക്കുന്നു. കോളേജധ്യാപകർ അഖിലേന്ത്യാടിസ്ഥാനത്തിൽ നേടിയെടുത്ത നിയമാധിഷ്ഠിത സേവന ഭദ്രത, അക്കാദമിക് സ്വാതന്ത്ര്യം തുടങ്ങിയവ പാടെ നശിപ്പിക്കുന്നതിനുള്ള നിഗൂഢ താത്പര്യവും ഈ നിർദ്ദേശങ്ങൾക്ക് പിന്നിലുണ്ട്. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിൻെറ ഭാവിയിൽ താൽപര്യമുള്ളവർ മുഴുവനും ഇതിൻെറ പിന്നിൽ പതിയിരിക്കുന്ന അപകടം മനസ്സിലാക്കി ഇതിനെതിരെ ശക്തമായി പ്രതികരിക്കേണ്ട സമയം ആസന്നമായിരിക്കുന്നു.

# യു. ജി. സി. ശമ്പളനിരക്കുകൾ നടപ്പാക്കുക

സർവ്വകലാശാല - കോളേജദ്ധ്യാപകർക്കു വേണ്ടി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതുക്കിയ യു. ജി. സി. ശമ്പള നിരക്കുകരം കേരളത്തിലും നടപ്പാക്കുന്നതിനാവശ്യമായ സത്വര നടപടികരം സ്വീകരിക്കണമെന്ന് കോളേജധ്യാപക സംയുക്ത സമരസമിതി കൺവീനർമാരായ പ്രൊഫ. പി. നരേന്ദ്രനും (എ. കെ. പി. സി. ടി. എ.), പ്രൊഫ. എസ്. സോമനും (എ. കെ. ജി സി. ടി.) കേരള സർക്കാരിനോട അഭ്യർത്ഥിച്ചു.

നാലാം യു. ജി. സി. ശമ്പളനിരക്കുകരം സംബന്ധിച്ച് 1987 ജൂൺ 17-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് അദ്ധ്യാപകർക്ക് ദ്രോഹകരമായ വ്യവസ്ഥകരം ഉരംക്കൊള്ളുന്നവയായിരുന്നു. അക്കാരണത്താൽ തന്നെയാണ് ഭാരതത്തിലെമ്പാടുമുള്ള രണ്ടുലക്ഷത്തിമുപ്പതിനായിരത്തോളം സർവ്വകലാശാല-കോളേജധ്യാപകർ ഐഫക്ടോയുടെ നേതൃത്വത്തിൽ അഖിലേന്ത്യാ പണിമുടക്ക് നടത്താൻ നിർബന്ധിതരായത്. അതേ തുടർന്ന് 1987 സെപ്റ്റംബർ 4-നുണ്ടായ ഒത്തുതീർപ്പിലെ വ്യവസ്ഥകരം ഇപ്പോരം മാത്രമാണ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. ഒത്തുതീർപ്പു വ്യവസ്ഥകരം പൂർണ്ണമായും സർക്കാർ ഉത്തരവിൽ ഉരംക്കൊള്ളിച്ചിട്ടില്ല. ശമ്പളപരിഷ്കാരം സംബന്ധിച്ച ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്ന കേന്ദ്രസർക്കാർ അത് ഭാരതത്തിലെമ്പാടും നടപ്പാക്കാനാവശ്യമായ നടപടികളും സ്വീകരിച്ചേ മതിയാകൂ. പുതുക്കിയ ശമ്പള സ്കെയിലുകരം നടപ്പിലാക്കാനാവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത പൂർണ്ണമായും കേന്ദ്രം ഏറ്റെടുക്കണമെന്ന് ഒത്തുതീർപ്പുവേളയിൽ സമ്മതിച്ചിരുന്നതാണ്. എന്നാൽ പുതുക്കിയ സർക്കാർ ഉത്തരവിൽ ഇത് ഉരംപ്പെടുത്തിയിട്ടില്ല. അതുപോലെതന്നെ അധ്യാപക ദ്രോഹകരമായ വ്യവസ്ഥകരം പൂർണ്ണമായും ഒഴിവാക്കിയിട്ടില്ല.

അധ്യാപകരുടെ അഖിലേന്ത്യാ സമരത്തിന് പിന്തുണ നൽകാൻ തയ്യാറായ കേരള സർക്കാർ പുതുക്കിയ ശമ്പളനിരക്കുകരം കേരളത്തിലും നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരുമായി അടിയന്തിരമായി ബന്ധപ്പെട്ട് കേരളത്തിലെ കോളേജധ്യാപകർക്കും സ്കെയിലുകളുടെ പ്രയോജനം ലഭിക്കുന്നതിനുവേണ്ട സത്വര നടപടികരം സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചു. ഇക്കാര്യങ്ങരം ചർച്ചചെയ്യുന്നതിന് അധ്യാപക സംഘടനാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നും സംയുക്ത സമരസമിതി ആവശ്യപ്പെട്ടു.

## പ്രൊഫ: എ. പ്രതാപചന്ദ്രൻ നായർ സെനററിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

കേരളയൂണിവേഴ്സിററി സെനററിലേക്ക് രജിസ്റേറഡ് ഗ്രാജ്വേററ് മണ്ഡലത്തിൽ നിന്നും പ്രൊഫ: എ. പ്രതാപചന്ദ്രൻ നായർ (പി. ആർ.എൻ.എസ്. എസ്. കോളേജ്, മട്ടന്നൂർ) തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം എ.കെ.പി.സി.ടി.എ. വർക്കിംഗ് കമ്മിററി മെമ്പറും കണ്ണൂർ ജില്ലാ സെക്രട്ടറിയുമാണ്.

# സെനററ് തെരഞ്ഞെടുപ്പിൽ വിജയിച്ച എ. കെ. പി. സി. ടി. എ. പ്രതിനിധികൾ

*കേരള യൂണിവേഴ്സിററി*

1. പ്രൊഫ: പി. നരേന്ദ്രൻ
എൻ. എസ്. എസ്. കോളേജ്,
നിലമേൽ

2. പ്രൊഫ: ആർ. രവീന്ദ്രൻ നായർ
വി. ടി. എം. എൻ. എസ്. എസ്.
കോളേജ്, ധനുവച്ചപുരം

3. ഡോ: എ. റസലുദ്ദീൻ
ടി. കെ. എം. കോളേജ് ഓഫ്
ആർട്ട്സ് ആൻറ് സയൻസ്,
കൊല്ലം.

4. പ്രൊഫ: എസ്. ഗോപിനാഥൻ പിള്ള
എം. എസ്. എം. കോളേജ്,
കായംകുളം

5. പ്രൊഫ: എസ്. ശിവൻ
എസ്. എൻ. കോളേജ്,
ചേർത്തല

6. പ്രൊഫ: മാമ്മൻ വർക്കി
ബിഷപ്പ് മൂർ കോളേജ്,
മാവേലിക്കര

7. ഡോ: എസ് ശ്രീനിവാസൻ
എസ്. എൻ. കോളേജ്,
കൊല്ലം

8. പ്രൊഫ: വി മഹീന്ദ്രൻ
എസ്. എൻ. കോളേജ്, പുനലൂർ

*മഹാത്മാഗാന്ധി യൂണിവേഴ്സിററി*

1 പ്രൊഫ: ററി. ജോർജ് സെബാസ്ററ്യൻ
കെ. ഇ. കോളേജ്, മാന്നാനം.

2. പ്രൊഫ: എൻ. വാസുദേവൻ നായർ
എസ്. എസ്. കോളേജ്, കാലടി

3. പ്രൊഫ: പി. ജി. ചന്ദ്രശേഖരൻ നായർ
ഡി. ബി. പമ്പകോളേജ്,
പരുമല, മാന്നാർ

4. പ്രൊഫ: വി. ഐ. ജോർജ്
ഭാരതമാതാ കോളേജ്,
തൃക്കാക്കര

5. പ്രൊഫ: കെ. കെ. ഗോപാലകൃഷ്ണ പിള്ള
എൻ. എസ്. എസ്. ഹിന്ദുകോളേജ്,
പെരുന്ന. ചങ്ങനാശേരി

6. പ്രൊഫ: കെ. എൽ. ജോസ്
സെൻറ് സ്ററീഫൻസ് കോളേജ്,
ഉഴവൂർ

*കോഴിക്കോട് യൂണിവേഴ്സിററി*

1 പ്രൊഫ: സി. ജെ. ശിവശങ്കരൻ
ക്രൈസ്ററ് കോളേജ്,
ഇരിങ്ങാലക്കുട

2. പ്രൊഫ: കെ. ദാമോദരൻ
കേരളവർമ്മ കോളേജ്,
തൃശൂർ

3. പ്രൊഫ: എ സേതുമാധവൻ
എൻ. എസ്. എസ്. കോളേജ്
ഒററപ്പാലം

4. പ്രൊഫ: എ. എം. കൃഷ്ണൻ
എസ്. എൻ. കോളേജ്, നാട്ടിക

5. പ്രൊഫ: പി. പി. ജോൺ
സെൻറ് ജോസഫ്സ് കോളേജ്,
ദേവഗിരി, കോഴിക്കോട്

6. പ്രൊഫ: പി പത്മനാഭൻ
ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്

7. പ്രൊഫ: അബ്ദുൾ മജീദ്
സർ സെയ്ദ് കോളേജ്,
തളിപ്പറമ്പ്.

സർക്കുലർ 4/1988-89.

സംസ്ഥാനകമ്മററി ഓഫീസ്,
28/406, അംബുജവിലാസം റോഡ്,
തിരുവനന്തപുരം-1.
20-8-1988

# 1988 ആഗസ്ററ് 13, 14 തീയതികളിൽ എറണാകുളത്ത് യോഗംചേർന്ന പ്രവർത്തകസമിതി, സംസ്ഥാനകമ്മററി, സംസ്ഥാന കൗൺസിൽ യോഗ തീരുമാനങ്ങൾ

നമ്മുടെ നാടിനെ നടുക്കിയ പെരുമൺ ദുരന്തത്തിൽ പ്രവർത്തകസമിതി, സ്റേററ് കമ്മിററി, സ്റേററ് കൗൺസിൽ അനുശോചനം രേഖപ്പെടുത്തി.

വാഴൂർ എൻ. എസ്. എസ്. കോളേജിലെ അധ്യാപകനും സംഘടനയുടെ സജീവ പ്രവർത്തകനുമായിരുന്ന ഡോ: കെ.കെ. മോഹൻദാസ് പെരുമൺ തീവണ്ടി അപകടത്തിൽ (8-7-88) അകാലചരമമടഞ്ഞതിലും കണ്ണൂർ എസ്. എൻ. കോളേജ് അധ്യാപകനായിരുന്ന ശ്രീ. പ്രദീപ് രാജിന്റെ അകാലനിര്യാണത്തിലും കേരളത്തിലെ നാടകസാഹിത്യ രംഗങ്ങളിലെ ഭീഷ്മാചാര്യനും അധ്യാപക ശ്രേഷ്ഠനുമായിരുന്ന പ്രൊഫ: എൻ. കൃഷ്ണപിള്ളയുടെ നിര്യാണത്തിലും പ്രവർത്തകസമിതി, സ്റേററ് കമ്മിററി, സ്റേററ് കൗൺസിൽ അനുശോചനം രേഖപ്പെടുത്തി.

കാലിക്കട്ട്, കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകളിലെ സെനററ് തെരഞ്ഞെടുപ്പുഫലം വിശകലനം ചെയ്തു. മൂന്നു സർവ്വകലാശാലകളിലും നമുക്കു നമ്മുടെ അംഗസംഖ്യയേക്കാൾ വളരെക്കൂടുതൽ ഒന്നാം വോട്ടുകൾ ലഭിക്കുകയുണ്ടായി. എന്നാൽ രണ്ടുമുതൽ പ്രിഫറൻസുകളുടെ കാര്യത്തിൽ നമുക്ക് ആഗ്രഹിച്ചത്ര വോട്ടുകൾ ലഭിക്കുകയുണ്ടായില്ല. ചില ബ്രാഞ്ചുകളെങ്കിലും സംഘടന നിർദേശിച്ച പാറേറൺ തെററിക്കുകയുമുണ്ടായി. ഇതുമൂലം നമുക്കു ലഭിക്കാമായിരുന്നത്ര സീററുകൾ കിട്ടിയില്ല. മററു സംഘടനകളെല്ലാംകൂടി നമുക്കെതിരെ ഒരു ഐക്യമുന്നണിക്ക് രൂപം കൊടുത്തിരുന്നു എന്നത് നമ്മുടെ വിജയശതമാനത്തെ പ്രതികൂലമായി ബാധിക്കുകയുമുണ്ടായി. സംഘടനാരംഗത്ത് ആശിച്ചത്ര രീതിയിൽ പ്രവർത്തനം ഉയരാതിരുന്നതും, മററുള്ളവർ എല്ലാം കൂടി നമുക്കെതിരെ നടത്തിയ കുപ്രചരണങ്ങൾക്കെതിരെ ശക്തമായ തിരിച്ചടി നടത്താൻ കഴിയാതിരുന്നതും നമ്മുടെ വിജയത്തെ ഒരളവുവരെ ബാധിച്ചു.

ഇതൊക്കെയാണെങ്കിലും നമ്മുടെ സ്ഥിതി മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞു എന്ന വസ്തുത വിസ്മരിക്കുന്നത് ശരിയായിരിക്കുകയില്ല. കോഴിക്കോട് സെനററിൽ പി. സി. ടി. എ. ക്ക് 4 സ്ഥാനങ്ങളാണ് ഉണ്ടായിരുന്നത്. അത് മൂന്നായി ചുരുങ്ങി. കേരളസെനററിൽ അവർക്ക് 4 സ്ഥാനങ്ങളുണ്ടായിരുന്നെങ്കിലും രണ്ടു വിഭാഗങ്ങൾക്കും ഇത്തവണ ഓരോ സീററുമാത്രമാണ് കിട്ടിയിരിക്കുന്നത്. മുസ്ലിംലീഗിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയെവരെ ഉൾപ്പെടുത്തിയാണ് എം. ആർ. സി. സംഘം 4 സ്ഥാനങ്ങൾ കാലിക്കട്ടിൽ നേടി എന്ന് വീമ്പ് ഇളക്കിയിരിക്കുന്നത്.

തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദീകരണങ്ങൾ ബ്രാഞ്ചുകളിൽ നടത്താൻ സംസ്ഥാനപ്രവർത്തകസമിതി അംഗങ്ങൾ ബ്രാഞ്ചുകൾ സന്ദർശിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

അഖിലേന്ത്യാടിസ്ഥാനത്തിൽ അധ്യാപക സമൂഹത്തിനെതിരെ പുത്തൻ വെല്ലുവിളികൾ ഉയർന്നുകഴിഞ്ഞിരിക്കുകയാണ്. സംഘടിക്കുവാനും, സമരം ചെയ്യുവാനുമുള്ള അവകാശ

അംഗവരെ ചോദ്യം ചെയ്യുന്ന Hospital and other Institutions (Redressal of grievances of Employes) Bill 1987 രാജ്യസഭ കഴിഞ്ഞ സമ്മേളനം പിരിയുന്ന ദിവസം പാസാക്കി കഴി ഞ്ഞിരിക്കുകയാണ്. അഖിലേന്ത്യാടിസ്ഥാന ത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നപ്ര ക്ഷോഭം കൊണ്ടുമാത്രമാണ് ഈ ബിൽ ഇതുവ രെയും ലോക്സഭയിൽ അവതരിപ്പിക്കപ്പെടാ തിരിക്കുന്നത്.

പുത്തൻ വിദ്യാഭ്യാസനയത്തിന്റെ നിഴ ലിൽ ഉന്നതവിദ്യാഭ്യാസരംഗമാകെ സ്വകാര്യ വൽക്കരിക്കാനുള്ള ശ്രമം യു ജി. സി യും കേന്ദ്രസർക്കാരും തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. സർവ്വകലാശാലകളോട് അഫിലിയേററു ചെ യ്തിട്ടുള്ള കോളജുകളെയെല്ലാം ഒരു അക്രഡി റേറഷൻ കൗൺസിലിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനാണ് പുതിയ നീക്കം. സാമ്പ ത്തിക കാര്യത്തിലടക്കം സ്വയം പര്യാപ്തമായ കോളജുകൾ മാത്രം ഇനി നിലനിന്നാൽമതി എന്നാണ് യു. ജി. സി. തീരുമാനം.

സർവകലാശാലകൾക്കും, കോളജുകൾക്കും യു. ജി. സി. യിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിന് അക്രഡിറേറഷൻ കൗൺസിലി ന്റെ അംഗീകാരം നിർബന്ധമാക്കിയിരിക്കു ന്നു. കോളജധ്യാപകർ അഖിലേന്ത്യാടിസ്ഥാന ത്തിൽ നേടിയെടുത്ത നിയമാധിഷ്ഠിത സേ വനഭദ്രത പാടെ നശിപ്പിക്കാനുള്ള നിഗൂഢ മായ താത്പര്യമാണ് ഈ തീരുമാനത്തിന് പിന്നിലുള്ളത്.

യു. ജി. സി യുടേയും കേന്ദ്രസർക്കാരി ന്റെയും ഇത്തരം അധ്യാപക ദ്രോഹകരമായ നീ ക്കത്തെ ചെറുത്ത് പരാജയപ്പെടുത്താൻ വേണ്ട സമരപരിപാടികൾക്ക് രൂപം കൊടുക്കാൻ തീ രുമാനിച്ചു. ഇതു സംബന്ധിച്ച് ഒരു രേഖ തയ്യാറാക്കി അധ്യാപകരിലെത്തിക്കാനും, ജില്ലാ ടിസ്ഥാനത്തിൽ കൺവൻഷൻ വിളിച്ചു ചേർ ക്കാനും തീരുമാനിച്ചു.

മെമ്പർഷിപ്പ് പ്രവർത്തനം ഊർജിതപ്പെടു ത്തുന്നതിനും ആഗസ്ററ് മാസത്തിലെ ശമ്പള ത്തിൽ നിന്നുതന്നെ മെമ്പർഷിപ്പ് പിരിച്ചെടു ത്ത് സംസ്ഥാന ട്രഷറർക്ക് എത്തിച്ചുകൊടു ക്കാനും ബ്രാഞ്ചുകളോട് അഭ്യർത്ഥിച്ചു.

ഓരോ ബ്രാഞ്ചും പരമാവധി അംഗങ്ങളെ 'പ്രൈവററ് കോളജ് ടീച്ചറി'ന്റെ വരിക്കാരാക്ക ണമെന്ന് തീരുമാനിച്ചു.

സ്വകാര്യമേഖലയിലെ ആയുർവേദ,എൻജി നീയറിംഗ് കോളജുകളിൽ സംഘടനയുടെ ബ്രാ ഞ്ചുകൾ തുടങ്ങാൻ തീരുമാനിച്ചു. ആയുർവേദ, എൻജിനീയറിംഗ് കോളേജ് അധ്യാപകരുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് തീരുമാനം എടു ക്കുന്നതിന് ആ വിഭാഗം അധ്യാപകരുടെ പ്രതി നിധികളെ കൂടി ഉൾപ്പെടുത്തി സബ്കമ്മററി കൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഈ സബ് കമ്മററികൾ ഓരോ പ്രവർത്തക സമിതിയോഗ ത്തിനുമുമ്പും കൂടാൻ തീരുമാനിച്ചു. പഴഞ്ഞി കോളജിലെ പ്രശ്നം പരിഹരിക്കാൻ തൃശൂർ ജില്ലാ സെക്രട്ടറി പ്രൊഫ. സി. ജെ. ശിവശങ്ക രനെ ചുമതലപ്പെടുത്തി.

[പ്രശ്നം 15-8-88ന് രമ്യമായി പരിഹരി ക്കപ്പെട്ടുകഴിഞ്ഞു.]

മഹാത്മാഗാന്ധി സർവകലാശാല നിയ മത്തിൽ 62 (a) (b) എന്ന വകുപ്പുകൾക്ക് പൂർവകാല പ്രാബല്യം കൊടുക്കണമെന്നും, അതിന് തത്തുല്യമായ വകുപ്പുകൾ കേരള, കാ ലിക്കട്ട് സർവകലാശാലാ നിയമങ്ങളിലും ഓർ ഡിനൻസ് ആയി പ്രാബല്യത്തിൽ കൊണ്ടുവര ണമെന്നും സർക്കാരിനോടഭ്യർത്ഥിച്ചു.

അന്തർസർവകലാശാലാ സ്ഥലംമാററങ്ങൾ തടയുന്ന കേരളാ കാലിക്കട്ട് സർവകലാശാലാ നിയമങ്ങളിലെ 64-ാം വകുപ്പിനും മഹാത്മാ ഗാന്ധി സർവകലാശാലാ നിയമത്തിലെ 68-ാം വകുപ്പിനും ആവശ്യമായ സ്ററാററ്യൂട്ടുകൾ ഉടനടി പ്രസിദ്ധീകരിക്കണമെന്ന് സർക്കാരി നോടഭ്യർത്ഥിച്ചു.

മഹാത്മാഗാന്ധി സർവകലാശാലാ നി യമത്തിന് ഇതുവരെയും സ്ററാററ്യൂട്ടുകൾ തയ്യാറാക്കാത്തതിൽ യോഗം ഉൽക്കണ്ഠ രേഖ പ്പെടുത്തി. സ്ററാററ്യൂട്ടുകൾ അടിയന്തിരമായി പ്രസിദ്ധീകരിക്കാൻ സർക്കാർ തയ്യാറാകണമെ ന്ന് സ്റേററ് കൗൺസിൽ സർക്കാരിനോടഭ്യർ ത്ഥിച്ചു.

Memorandum regarding the First Statutes of Section 64 and 68.

# The All Kerala Private College Teachers' Association

The Hon Minister for Education,
Government of Kerala,
Trivandrum.

26-7-1988

Sir,

Sub: Framing of Statutes-section 64 of Kerala and Calicut Universities-Section 68 of Mahatma Gandhi University - Acts Request for.

We have the honour of submitting the following for your consideration and immediate disposal

Section 64 of Kerala University and Calicut University Acts and Sec. 68 of Mahatma Gandhi University Act, prohibiting the inter-University transfers of private college teachers are now in force. Corporate managements moved petitions in the High court with a prayer to invalidate the above sections and the High Court have declared the section valid dismissing the petitions The Court Order is appended with.

The immediate necessity of delivering First Statutes to Section 64 of Kerala University and Calicut University Acts and section 68 of Mahatma Gandhi Universersity Act emerges as a result. Previously the court-has directed corporate managements to complete the implementation of these sections within a period of two months If First Statutes of the above sections are not delivered by the government immediately, the managements may misinterpret the provisions of the sections, which will amount to a total abuse of it. The management is bent on creating maximum hardships to teachers at the pretext of implementing these sections. So we request you to act upon the proposals to First Statutes on the above sections submitted herewith and notify the First Statutes immediately so as to protect the interest of teachers.

**Proposals to the first statutes of the Sec. 64 of the Kerala University Act, Calicut Uuniversity Act and Section 68 of the Mahatma Gandhi University Act:**

1. **Short Title:** These may be called the Kerala University/Calicut University/ Mahatma Gandhi University (Inter-University transfer of teachers in colleges under Educational Agencies having colleges affiliated to more than one University in the state) First Statutes 1988.

2. **Commencement:** These statutes shall come into force at once.

3. **Application:** These statutes shall apply to all teachers under Educational Agencies having colleges under the jurisdiction of the Kerala University, Calicut University and Mahatma Gandhi University.

4. (a) **Seniority List:** An Educational Agency having Colleges under the jurisdiction of Kerala University, Calicut University and Mahatma Gandhi University shall prepare a common Seniority list - Departmentwise - of all teachers in accordance with the procedure laid down in these statutes. Teachers who are liable to be transferred from Arts and Science Colleges to Training Colleges and Vice Versal shall be included in the Department wise Common Seniority list of Arts and Science Colleges.

(b) The common Seniority list prepared as per Statute 4 (a) above shall be communicated to the teachers by circulating among them within a period of one month from the date of commencement of these statutes.

5. Provided that if an Educational Agency has already prepared and circulated among the teachers a Seniority list after the 21st day of November, 1987 but before the commencement of these statutes, it shall deemed to be the seniority list as per Section 64 of the Kerala University Act,Calicut University Act and Section 68 of the Mahatma Gandhi University Act and the statutes 4(a) above

6. Any teacher aggrieved by the rank allotted to him/her in the seniority list envisaged in Sub Section (1) of Section 64 of the Kerala University Act and Calicut University Act and Sec. 68 of the Mahatma Gandhi University Act may file a complaint to the Manager within two weeks from the date of publication of seniority list.

7. The Educational Agency shall publish the final seniority list as provided in Sub. Sec (1) of Sec 64 of K. U. Act, C. U. Act and Sub (1) of Section 68 of Mahatma Gandhi University Act after disposing of the complaints on merit as per rules within two weeks from the last date stipulated for the receipt of complaints as per statute (5) above.

8. The Educational Agency shall furnish the State Government a copy of the final seniority list as provided in Statutues 6 above within ten days of the publication of the final list.

9. Any teacher aggrieved by any entry in the seniority list as per Sub Sec (2) of Section 64 of Kerala University Act, Calicut University Act and Sub (2) of Section 68 of the Mahatma Gandhi University Act and statute 6 above may appeal to the Government within a period of sixty days and the decision of the Government there on shall be final.

10. A teacher working in any of the colleges under an Educational Agency having colleges under the jurisdiction of the Kerala University, Calicut University and or Mahatma Gandhi University shall have the right to exercise an option as to the University under the jurisdiction of which he/she opts to remain within one month from the date of publication of the final seniority list prepared as per statute 6 above. The option once exercised shall be final. The Educational Agency shall obtain the option from the teachers in the prescribed form within the period of one month from the date of publication of the seniority list.

11. **Allotment:** The Educational Agency shall allot each teacher to the University under the jurisdiction of which he/she opts to remain within one month from the last date fixed for the receipt of option. The allotment shall be in accordance with the option. Where the number of teachers who have opted to remain in a University exceeds the number of posts in the colleges affiliated to that University, the allotment shall be made on the basis of seniority. When a teacher cannot be allotted to the University under the jurisdiction of which he/she opts to remain for want of sufficient posts he/she shall be temporarily accommodated in a University where there exits a post and shall be allotted to the University under the jurisdiction of which he/she opts to remain as and when a post falls vacant or a new post is created in any of the colleges under the Educational Agency within that University Area.

Explanation:

Where a Grade II or Grade I Cadre professor exercises his option as to a University under the jurisdiction of which he/she opts to remain cannot be accommodated in the same cadre on the basis of the seniority, he may be reverted to the next lower cadre and shall be allotted to the University under the jurisdiction of which he/she opts to remain. The teachers so reverted shall be promoted to the cadre posts, under the university of his choice and when a post falls vacant or a new post is created.

**12. Order of Allotment:**

The Educational Agency shall provide the State Government and all universities concerned with a copy of the Order of allotment of a teacher to the University under the jurisdiction of which he/she opts to remain.

**13. Right of Appeal to Government:**

Any teacher aggrieved by the allotment under Sub. Sec. (2) of Section 64 of the Kerala University Act; Calicut University Act or Sub Sec. (2) of Section 68 of the Mahatma Gandhi University Act may appeal to the Government within a period of sixty days from the date of the order of the allotment and the decision of the Government thereon shall be final.

14. Every Educational Agency shall prepare and maintain a seniority list of the teachers in all colleges under it within a University area as per statute 34 of the First Statute on conditions of service of teachers and the members of non teaching staff 1979.

15. While preparing the seniority list as per statute 13 above, the teachers who have exercised their option to remain under the jurisdiction of a University, but could not be given allotment for want of vacancy in that University shall also be included in that list.

16. Principles for fixing seniority of teachers as envisaged in Statute 4 (a)

(a) For the purpose of fixing the seniority of teachers the rank obtained by the teacher in the selection list shall be adhered to

(b) Where appointments are made on the basis of select list, irrespective of date of appointment the seniority of teachers shall be determined on the rank allotted to each teacher in the merit list and community list alternately.

(c) In the absence of selection list, the date of first entry in the service shall be the basis for fixing the seniority. The principle shall be first come last go.

(d) For the preparation of seniority list as envisaged in statute 4 (a), the over all seniority departmentwise-and not the cadre seniority shall be the basis.

Appendix

Option Form

I,................ Professor ..................... Lecturer/Junior Lecturer in the department of ................. do here by opt to remain under the jurisdiction of the University of Kerala/Calicut University/Mahatma Gandhi University as per Sec. 64 of the Kerala University Act, Calicut University Act and Sec. 68 of the Mahatma Gandhi University Act.

Signature:
Name:
Place: Designation:
Date :

P. Narendran
Gen: Secretary

# The All Kerala Private College Teachers' Association

The Hon. Minister for Education,
Government of Kerala,
Trivandrum.

26-7-1988

Sir,

Sub: Amendments to Universities Acts - Regarding.

We have the honour of submitting the following for your consideration and immediate disposal.

**I. Amendment of Sub Section (2) (a) of 62 of Mahatma Gandhi University Act:**

The objective of Section 62(2) (a) of Mahatma Gandhi University Act is to give protection to teachers working in temporary vacancies. A section of teachers who were working in temporary vacancies and who have a claim over the permanent post that arose while they were in service will not get protection under this section unless retrospective effect is given to sub section (2) (a) of Section 62.

In the Sub Section (2) (b) of the same section which aims at the protection of teachers who were relieved due to the cessation of period for which they were appointed retrospective effect is given from the 14th day of March 1974. Such a retrospective effect to section 62(2) (a) and the explanation given are quite relevant and inevitable. Hence we request that immediate steps may be taken to amend the sub section suitably.

In this respect we may be permitted to bringing your attention to the fact that there are cases of teachers who were appointed against temporary vacancies but denied of the benefit of being appointed against permanent vacancies that arose during the continuance in service of the teacher in the temporary vacancy To extend the benefit of the protection envisaged above, we feel a clarification in the form of an explanation is inevitable. Hence a draft proposal of amendment of Sub Section (2) (a) of Section 62 and an explanation are given below for your perusal.

**Amendments proposed to Sub Section (2) (a) of Section 62 of Mahatma Gandhi University Act:**

The following amendment may be made to Sub Section (2) (a) of Section 62 of Mahatma Gandhi University Act. Insert the words "on or after the 14th day of March 1974" after the word vacancy and before the words "and continuing as such".

Insert the words "or any temporary vacancy of longer duration" after the words" in any permanent vacancy" and before the words "that may arise."

Add the following as explanation to the above Sub Section: A teacher appointed in a temporary vacancy and was continuing as such shall also come under the purview of this section.

The Section amended will read as follows:

**62 (2) (a):** A person appointed as teacher in a Private College in a temporary vacancy **on or after the 14th day of March 1974** and

continuing as such shall be appointed as teacher in any permanent vacancy **or any temporary vacancy of longer duration** that may arise after such appointment in the temporary vacancy in the private college or as the case may be in any of the private colleges under the managements of the Edncational agency within the university area.

**Explanation:** A teacher appointed in a temporary vacancy and was continuing as such shall also come under the purview of this section.

**2. Amendment of Sub Section (6) of Sec.57 of Kerala University Act 1974 and Calicut University Act 1975**

Sub Section (6) of Section 57 of the Kerala University Act 1974 and Calicut University Act 1975 is substituted with Sub Sections (6) (a) and (b) which are identical to sub sections (2) (a) and (b) Sec. 62 of Mahatma Gandhi University Act.

**Amendments Proposed to Section 57 (6) of Kerala University Act 1974 and Calicut University Act 1975**

For Sub Section (6) of Section 57 the following sub section shall be substituted namely:-

**57 (6) (a):** A person appointed as teacher in a private college in a temporary vacancy on or after the 14th day of March 1974 and continuing as such shall be appointed as teacher in any permanent vacancy of longer duration that may arise after such appointment in the temporary vacancy in the private college or as the case may be in any of the private colleges under the management of the educational agency within the University area.

**Explanation:** A teacher appointed in a temporary vacancy and was continuing as such shall also come under the purview of this section.

**57 (6) (b):** A teacher relieved from a private college on or after 14th day of March 1974 due to the abolition of a course of study in that private college or due to the cessation of the period for which he was appointed or for any other reason except disciplinary action against him shall be given preference in the matter of future appointments in the private college or, as the case may be, in any of the private colleges under the management of the educational agency within the University area.

**3. Amendment of Sub Section (1) of Section 60 of Kerala University Act 1974 and Calicut University Act 1975 and Sub. Sec (1) of Sec. 62 of Mahatma Gandhi Univresity Act:**

Teachers working under corporate managements are subjected to victimisation transfers frequently. With a view to put an end to such unprincipled and unbridled transfers the Government directed the Registrars of the Universities to frame norms for transfer within each university byletterNo.42147/C3/84/H.Edn.dt 16.5.87. It may be noted that processing of subordinate legislation as contemplated in the letter referred above has to surpass objections posed at the senate and syndicate meetings. Since no provision is laid down in the Acts and Statutes of Universities regarding transfer of private college teachers the legal validity of transfer norms, can be challenged by the management. To avoid such difficulties we propose an amendment of Section 60 (1) of K.U. and C.U. Acts and Section 62 (1) of Mahatma Gandhi University Act relating to the service conitdions of Private College Teachers. The Government is empowered to constitute rules not inconsistent with the

University Acts and transfer rules made upon such an amendment "would make them legally sound. The objective behind the letter of the Government, referred above will be best realised bv this Act Amendment.

**Amendment proposed to Sub.Section (I) of Section 60 of Kerala University Act 1974 and Calicut University Act 1975 and Sub. Section (I) of Section 62 of Mahatma Gandhi University Act.**

Insert the word "transfers" after the words "conditions relating to" and before the word "pay".

Add the word "and or rules" at the end of the Sub. Section.

**The Sub Section amended will read as follows:**

(1) Notwithstanding anything contained in any law or in any contract or other document, the conditions of service of teachers of private colleges, whether appointed before or after the commencement of this Act, including conditions relating to **transfers**, pay, pension, provident fund, gratuity, insurance and age of retirement, shall be such as may be prescribed by the Statutes **and or rules**.

Prof. P. Narendran
General Secretary

## കേരള സർവ്വകലാശാലാ സെനററ് തിരഞ്ഞെടുപ്പ് പൂർത്തിയായി.

രജിസ്റേറഡ് ബിരുദധാരികളുടെ മണ്ഡലത്തിൽ നിന്നുള്ള 20 അംഗങ്ങളുടെ തിരഞ്ഞെടുപ്പു ഫലം പ്രസിദ്ധീകരിച്ചതോടെ സെനററിലേക്കുള്ള എല്ലാ തിരഞ്ഞെടുപ്പുകളും പൂർത്തിയായി.

സർവ്വശ്രീ കെ. വി. ദേവദാസ്, എസ്. എസ്. പോററി, എ. പ്രതാപ ചന്ദ്രൻനായർ, ജി. സോമശേഖരൻ നായർ, ജി. സുധാകരൻ, പി. ഉണ്ണികൃഷ്ണപിള്ള, ശ്രീകണ്ഠദാസ്, കെ. സുന്ദരേശൻ, കെ. എം. അബ്ദുൾ ലത്തീഫ്, പി. ജി. എഡ്വിൻ, വി.എസ്.ഹരിന്ദ്രനാഥ്, എസ്. എസ്. ഹരിഹരഅയ്യർ, പി. ജി. മധുരരാജ്, എ. നിസാമുദ്ദീൻ, എ. ഷംസുദ്ദീൻ, ബാബുജോർജ്ജ്, കെ. മുഹമ്മദ് ഹനീഫ, ജി. സുബോധൻ, എം. സി. തങ്കപ്പൻ, ആർ. രാമചന്ദ്രൻ നായർ എന്നിവരാണ് രജിസ്റേറഡ് ബിരുദധാരികളുടെ പ്രതിനിധികളായി ജയിച്ച പുതിയ സെനററ് അംഗങ്ങൾ.

ഇനി വകുപ്പ് അധ്യക്ഷൻമാരുടെയും ഡീന്മാരുടെയും രണ്ട പ്രതിനിധികളുടെ ഒഴിവുകൾ നികത്താനുണ്ട്. വിവിധ തുറകളിലെ പ്രഗൽഭ വ്യക്തികളിൽ നിന്ന് 14 പേരെയും പ്രഗൽഭ വിദ്യാർത്ഥികളിൽ നിന്ന് 4 പേരെയും ചാൻസലർ നോമിനേററ് ചെയ്യാനുമുണ്ടു. ഇതു കൂടി കഴിഞ്ഞാലേ പുതിയ സെനററ് സംഘടിപ്പിച്ചു കൊണ്ടുള്ള ഔദ്യോഗിക പ്രഖ്യാപനമുണ്ടാകൂ. സെനററിന്റെ ആകെ അംഗസംഖ്യ 121 ആണ്.

സെനററ് രൂപീകരണം കഴിഞ്ഞാൽ ഒരാഴ്ചത്തെ നോട്ടീസോടെ സിൻഡിക്കേററ് തിരഞ്ഞെടുപ്പു നടക്കും. 12 പേരെയാണ് തിരഞ്ഞെടുക്കേണ്ടത്. ഇതിൽ 6 പേർ അധ്യാപകവിഭാഗത്തിലും 6 പേർ മററ് വിഭാഗങ്ങളിലും നിന്നുള്ളവരായിരിക്കണം. അധ്യാപക വിഭാഗത്തിൽ രണ്ടു പേർ പ്രിൻസിപ്പൽമാരിൽ നിന്നായിരിക്കണം-ഒരാളെങ്കിലും ഗവ:കോളേജിൽ നിന്നും. പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിൽ നിന്നു ജയിച്ച സെനററർമാർക്കേ ഇങ്ങിനെ സിൻഡിക്കേററിൽ അംഗങ്ങളാകാൻ കഴിയൂ. ബാക്കി നാലുപേരിൽ ഒരാൾ ഗവ:കോളേജധ്യാപക പ്രതിനിധിയും ഒരാൾ സർവ്വകലാശാലാ പ്രതിനിധിയും ആകണം.

വിദ്യാർത്ഥികളുടെ പ്രതിനിധിയായി ഒരു സിൻഡിക്കേററംഗം ഉണ്ടായിരിക്കും.

ഈ 13 പേരും വി. സി., പി.വി. സി., ഡി. പി. ഐ., ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയോ ജോയിൻറ് സെക്രട്ടറിയോ-ഇത്രയും പേർ ചേരുന്നതാണ് സിൻഡിക്കേററ്.

# Section 64 of K. U. and C.U. Acts and Section 68 of M.G.U. Act Constitutional

**–High Court**

*[We give below the full text of the judgement delivered by Hon: justice Varghese Kalliath. J. upholding the Validity of Section 64 of K.U. & C U. Acts and Scetion 68 of M G.U. Act ]*

IN THE HIGHT COURT OF KERALA AT ERNAKULAM

Present:

The Honourable Mr. Justice Varghese Kalliath, Wednesday the 13th July, 1988/22nd Ashadha 1919 O.P.9043/87-B

(This is a common Judgement pertainint to O P. Nos.9909, 10165,10213/87 & 59/88 Etc).

Petitioners:

K. V. Madhusoodanan, Professor of Chemistry, N.S.S. College, Shertallai.

..........................................................................

..........................................................................

Respondents:

State of Kerala represented by its Chief Secretary to Government, Trivandrum.

..........................................................................

..........................................................................

Addl. R6. Impleaded:

Addl. R6. Dr. P. Sukumara Panicker, N.S.S. College, Nenmara.

This Original Petition having been finally heard on 4-7-88 the Court on 13-7-88 delivered the following:-

Order on CMP.28004/87 in OP.9043/87-B

Dismissed.

Sd/-Varghese Kalliath, Judge.

13-7-1988.

Varghese Kalliath, J.
O.P. Nos. 9043, 9909, 10165, 10213, of
1987 & 591 of 1988

## JUDGEMENT

Petitioners except in O. P. No. 591 of 1988 are teachers in Colleges affiliated to the Kerala, Calicut and Mahatma Gandhi Universities. Petitioner in O. P. 591/88 is an Educational Agency-Sree Narayana Trust. All these petitions concern a common question of the constitutional validity of sections 64 of the Kerala and Calicut Universities Acts and section 68 of the Mahatma Gandhi University Act. The said sections in these Acts are almost identically worded. For reference, I shall quote section 68 of the Mahatma Gandhi University Act.

> "68. Ttansfer of techers to other Universities:- (1) where an educational agency has colleges under the jurisdiction of the Gandhiji University, and also under the jursdiction of the Kerala University or the Calicut University, the educalional agency shall within three months of the commencement of this

Act or within such further period, not exceeding three months, as may be granted by the Government for sufficient reason, prepare a seniority list of the teachers of all such colleges

(2) after the preparation of the list under sub-section (1), the educational agency shall give a right of option to the teachers as to the University under the jurisdiction of which he opts to remain and the teachers shall be allotted to each University area in accordance with such option:

Provided that where the number of teachers who have opted to work under the jurisdiction of the Gandhiji University or the Kerala University or the Calicut University is more than the number required, allotment shall be made on the basis of seniority.

(3) Any teacher aggrieved by any entry in the list prepared under sub-section (1) or by the allotment under sub-sectian (2) may appeal to the Government within sixty days from the date of communicatioh of the list or order of allotment to him, and the decision of the Government thereon shall be final.

(4) Where a teacher is allotted to a University area under this section he shall not be transferred to a college affiliated to any other University.

(5) Nothing contained in this section shall apply in respect of principals of private colleges."

2 Petitioners challenge the constitutional validity of the sections mainly on the ground that the sections infringe the fundamental right guaranteed under Article 14 of the Constitution. The counsel for the petitioners in O.P.No. 9043/87 also submitted that the impugned provision in the Act cannot be given effect to and that it is unconstitutional since in the Calicut University Act and in the Kerala University Act under sub-section (2) of section 1, it is provided that section 64 shall come into force on such date as the Government may, by notification in the Gazette, appoint. Discrimination on the basis that Private College Teachers under the different Universities in the State are governed by different laws insofar as section 64 of the Kerala and Calicut Universities Acts were not brought into operation is not available to the petitioners since a notification dated 20-11-1987 has been issued bringing into force section 64 of the Kerala University Act 1974 and Calicut University Act, 1975. Counsel further submitted that even though notifications have been issued bringing into force section 64 of the Kerala and Calicut Universities Acts, the very provision giving power and jurisdiction to the Government to control the operation of a particularprovision from a particular date makes the section itself bad and unconstitutional.

3 In fact, in this case, I have to examine only the two questions which I have just now stated above. I shall examine first the question whether the impugned section,s viz. Sections 64 of the Kerala and Calicut Universities Act and sec. 68 of the Mahatma Gandhi University Act are discriminatory in character and thus violates article 14 of the Constitution. Counsel for the petitioners made their submissions based on Article 14 with regard to the question of hostile discrimination and also on the new dimension of the article, viz arbitrariness The Goverment has filed a counter affidavit in O. P. No. 9043 of 1987. The Government Pleader submitted that this counter affidavit may be treated as the counter affidavit in the other cases also.

4 The stand taken by the Government is that sections 64 of the Kerala and Calicut Uuiversites Acts and sec. 68 of the Mahatma Gandhi University Act are enacted with the avowed purpose of safeguarding the interests of all the teachers in the Private Colleges and also to protect them from the hardship of frequent transfers to distant places.

